(ബി) അച്ഛനോ അമ്മയ്ക്കോ കുടുംബപെൻഷൻ നൽകാൻ വ്യവസ്ഥ നിലവിലുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

വീരശൈവർക്ക് സംവരണാനുകൂല്യങ്ങൾ നൽകാൻ നടപടി

16 (3204) ശ്രീ മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വീരശൈവ സമുദായത്തിന് ഏത് വിഭാഗത്തിൽപ്പെടുത്തിയാണ് സംവരണാനുകൂല്യങ്ങൾ നൽകിവരുന്നത് ;

(ബി) വീരശൈവരിൽ ചില വിഭാഗങ്ങളെ സംവരണാനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും ;

(ഡി) വീരശൈവ സമുദായത്തിലെ വിവിധ ഉപജാതി പേരുകളിൽ അറിയപ്പെടുന്നവരെ പരിഗണിച്ച് 'വീരശൈവർ' എന്ന പൊതുനാമത്തിൽ അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വീരശൈവരെ ഒ. ഇ. സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നുവോ ;

(എഫ്) പിന്നീട് ആ വിഭാഗത്തിൽ നിന്ന് മാറ്റുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ജി) 1961-ൽ കെ. കെ. വിശ്വനാഥൻ ഇവാലുവേഷൻ കമ്മിറ്റി വീരശൈവർക്ക് ഒ. ഇ. സി. ആനുകൂല്യം ശുപാർശ ചെയ്തിരുന്നുവോ ;

(എച്ച്) ഈ ശുപാർശ നടപ്പിലാക്കുവാൻ നിവേദനം ലഭിച്ചിരുന്നവോ ; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഐ) വീരശൈവർക്ക് ഒ.ഇ.സി. ആനുകൂല്യം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വീരശൈവ സമുദായത്തിലെ (യോഗി, യോഗേശ്വര) ഉപവിഭാഗങ്ങളെ മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി) ഉൾപ്പെടുത്തിയാണ് സംവരണാനുകൂല്യങ്ങൾ നൽകിവരുന്നത്.

(ബി & സി) ഇപ്രകാരം പരാതി ലഭിച്ചിട്ടുണ്ട്. വീരശൈവ സമുദായത്തിൽപ്പെട്ട ഏതാനും ജാതി ഉപജാതി വിഭാഗങ്ങളെ ഒ. ബി. സി ലിസ്റ്റിൽപ്പെടുത്തണമെന്ന് കേരള വീരശൈവസഭ, കോട്ടയം കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു. വീരശൈവ (യോഗി, യോഗീശ്വര) എന്നീ ഉപവിഭാഗങ്ങളെ നേരത്തേ തന്നെ ഒ.ബി.സി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുപ്പണ്ടാരം, താലപ്പണ്ടാരം, ഭംഗം എന്നീ ഉപവിഭാഗങ്ങളെയും പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ.) വീരശൈവരെ ഒ. ഇ. സി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നതായി കാണുന്നില്ല.

(എഫ്) ബാധകമല്ല.

(ജി) ചെയ്തിരുന്നു.

(എച്ച്) ലഭിച്ചിരുന്നു. അതിന്മേൽ കിർത്താഡ്സിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(ഐ) ഇപ്പോൾ പരിഗണനയിലില്ല.

പെൻഷൻ പ്രായം

17 (3205) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ പ്രായം 55-ൽ നിന്നും 58 ആയി ഉയർത്തുന്നതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വിശദമാക്കാമോ ;

(ബി) സംസ്ഥാന ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ള ഏതെങ്കിലും പൊതുമേഖലാ, സ്വയംഭരണം, എയിഡഡ് സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ ;

(സി) ഇതിനു മന്ത്രിസഭയുടെയോ സർക്കാരിന്റെയോ അംഗീകാരം ഉണ്ടായിരുന്നോ ; ഇല്ലെങ്കിൽ അംഗീകാരം തേടാതിരിക്കുവാനുള്ള കാരണം വിശദീകരിക്കാമോ ;

(ഡി) സർക്കാരിന്റെ പ്രഖ്യാപിത നിലപാടിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള നടപടിക്കെതിരെ ഏതെങ്കിലും യുവജന സംഘടനകളുടെ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആരുടെയൊക്കെ ;

(ഇ) സർക്കാർ നയത്തിന് വിപരീതമായി പെൻഷൻ പ്രായം വർദ്ധിപ്പിച്ച നടപടി പുനരവലോകനം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് അനുകൂലമായും എതിരായുമുള്ള ആവശ്യങ്ങൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. സർക്കാർ തീരുമാനം എടുത്തിട്ടില്ല.

(ബി-ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly